KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.61/PR/PIC/PHQ/17 Date : 24.03.2017

# റോഡുസുരക്ഷാ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു

സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംഗമത്തോടനുബന്ധിച്ച് തിരുവനന്തപുരം കനകകുന്നിൽ റോഡുസുരക്ഷാ ബോധവൽക്കരണ പരിപാടി 'ശുഭയാത്ര' സംഘടിപ്പിച്ചു. സംസ്ഥാനത്തെ 400 ൽപരം സ്കൂളുകളിൽ നിന്നെത്തിയ 600 കേഡറ്റുകൾ ക്യാമ്പിൽ പങ്കെടുത്തു. തിരുവനന്തപുരം നഗരത്തിലെ കരമന, തമ്പാനൂർ, ഈഞ്ചക്കൽ, പഴവങ്ങാടി, പത്മനാഭ ജങ്ഷൻ, പട്ടം, മ്യൂസിയം, വെള്ളയമ്പലം, വഴുതയ്ക്കാട്, സ്റ്റാച്യൂ എന്നീ കേന്ദ്രങ്ങളിൽ കേഡറ്റുകൾ ബോധവൽക്കരണത്തിന് നേതൃത്വം നൽകി. ഹെൽമറ്റ് ധരിക്കാതെയും സീറ്റ് ബെൽറ്റ് ഇടാതെയും വാഹനം ഓടിക്കുന്നവർക്ക് സ്നേഹപൂർവ്വം മുന്നറിയിപ്പ് നൽകുകയും ട്രാഫിക് ബോധവത്കരണ ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു. ഹെൽമെറ്റ് ധരിക്കുന്നപോൾ ചിൻസ്ട്രാപ്പ് ഇടുന്നതിനെക്കുറിച്ചും വിശദീകരിച്ചു. എ ഡി ജി പി ഡോ.ബി.സന്ധ്യ, സിറ്റി പോലീസ് കമ്മീഷണർ ജി സ്പർജൻ കുമാർ, പോലീസ് ട്രെയിനിങ് കോളേജ് പ്രിൻസിപ്പൽ പി പ്രകാശ്, ക്യാമ്പ് കമാൻഡന്റ് യു അബ്ദുൾ കരീം എന്നിവർ പങ്കെടുത്തു.

***********

## ഫോട്ടോ ക്യാപ്ഷൻ

സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംഗമത്തിൽ പങ്കെടുക്കാനെത്തിയ ഗായകൻ എം.ജി.ശ്രീകുമാർ കുട്ടികളെ അഭിസംബോധന ചെയ്ത് സംസാരിക്കുന്നു.